I/86091/2023

ഭരണഭാഷമാതൃഭാഷ-

No:TCPTVM/308/2023-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in
തീയതി: 14-02-2023

ടൗൺ പ്ലാനർ
തിരുവനന്തപുരം,

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവ നന്തപുരം - കെട്ടിട നിർമ്മാണം - കൺകറ- ൻസ് അനുവദിക്കുന്നത്-സംബന്ധിച്ച്.

തിരുവനന്തപുരം നഗരസഭയിൽ ആറ്റിപ്ര വില്ലേജിൽ റീ സർവ്വേ നമ്പർ 540/48 ൽ ഉൾപ്പെട്ട 2.02 ആർ വസ്തുവിൽ PMAY പദ്ധതി പ്രകാരം 56.87 ച .മി വിസ്തീർണം ഉള്ള (Occupancy-A1) വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ, 8/08/2022 തീയതിയിലെ സ.ഉ.(കൈ) നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് & അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തിക്കൊണ്ട് , ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി KMBR-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. നിർദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം 8/8/2022 തീയതിയിലെ GO(MS) NO.179/2022/LSGD നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നു ഉറപ്പ് വരുത്തേണ്ടതാണ് .
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ 2019-) ചട്ടം 5 (6) (c) പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയിരിക്കണം.
4. കെ.എം.ബി.ആർ 2019 ചട്ടം 26 (8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള

I/86091/2023

ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

5. നിർ മ്മാണം കെ.എം.ബി.ആർ 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

6. ഈ കാൺകറൻസ് അനുമതി നിർമാണം ആരംഭിക്കുന്നതിനുള്ള അനിമതി അല്ല. ഈ അനുമതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിട നിർമാണ അനുമതി KMBR-2019 പ്രകാരം സെക്രട്ടറി നൽകിയതിന് ശേഷമേ നിർമാണം ആരംഭിക്കാവൂ.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 14-02-2023 15:22:56

RAJESH T N
TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1)

പകർപ്പ്: അപേക്ഷകൻ(അറിവിലേയ്ക്കായി),
Smt.Sheeja,
Saji Bhavan,Parakadu,
Karimanal P.O ,TVPM.